
നമ്മുടെ പദ്ധതി

1



കൃഷിയും ഭക്ഷ്യോല്പാദനവും

കേരള ഗവൺമെന്റ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിൽ
നിന്നും പ്രസിദ്ധപ്പെടുത്തുന്നത്.



നിലം ഒരുക്കുന്നു.


ഞാററ് നടുന്നു— ജപ്പാൻ മാതൃകയിൽ



നമ്മുടെ പദ്ധതി

സാമാന്യ ജനതയുടെ ജീവിതനിലവാരം ഉയൎത്തുന്നതിനുവേണ്ടി പരമാവധി പരിശ്രമിക്കുകയാണല്ലോ ഏതൊരു ഗവണ്മെന്റിന്റെയും കൎത്തവ്യം. സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവുമായ പരിപാടികൾ ആസൂത്രണംചെയ്തു നടപ്പിൽ വരുത്തുകയാണ് അതിലേയ്ക്കുള്ള മാർഗ്ഗം. ആ മഹത്തായ സംരംഭത്തിലാണ് നാം ഇന്ന് ഏർപ്പെട്ടിരിക്കുന്നത്. അതാണ് പഞ്ചവത്സരപദ്ധതി. ഒരു സംഗതി നാം പ്രത്യേകം ഓർമ്മിക്കണം. ജനങ്ങളുടെ എല്ലാ പ്രശ്നങ്ങളേയും എല്ലാ വശങ്ങളിലുംകൂടി നേരിടുന്നതിനുള്ള സമ്പൂർണ്ണവും അവസാനത്തേതുമായ ഉദ്യമമല്ല ഇത്. പദ്ധതിയിൽ ഇതുവരെ ഉൾപ്പെടാത്തതും വികസനപരമായ പ്രവൎത്തനങ്ങൾ ആവശ്യമായിട്ടുള്ളതുമായ പല കാര്യങ്ങളും ഇനിയും ശേഷിക്കുന്നുണ്ടാകാം. പക്ഷെ ധനപരമായ നമ്മുടെ പരിമിതികൾകൂടി നാം കണക്കിലെടുക്കണം. പരമാവധി കഴിവനുസരിച്ചുള്ള പരമാവധി യത്നം — അതുമാത്രമേ സാധ്യമാകൂ. ഏതായാലും ഇത് ജനങ്ങളുടെ പദ്ധതിയാണ്. ഇതിന്റെ വിജയം ജനങ്ങളുടെ പരിപൂർണ്ണമായ സഹകരണത്തെ ആശ്രയിച്ചിരിക്കുന്നു. നാം ഇപ്പോൾ രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ഘട്ടത്തിലാണ്. പദ്ധതിയിൽ എന്തെല്ലാം പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു എല്ലാവരും വ്യക്തമായി അറിഞ്ഞിരിക്കേണ്ടതു തികച്ചും ആവശ്യമാണല്ലോ. ഓരോ മേഖലയിലും — ഉൾപ്പെടുത്തി പൂൎത്തിയാക്കിയിട്ടുള്ളവയും, ഇപ്പോൾ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നവയും, ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവയുമായ പരിപാടികളെപ്പററി പൊതുജനങ്ങൾക്കു സാമാന്യമായ അറിവു നൽകണമെന്ന ഉദ്ദേശ്യത്തോടുകൂടി പുറപ്പെടുവിക്കുന്ന ലഘുലേഖാപരമ്പരയിൽ ആദ്യത്തേതാണിത്.

നമ്മുടെ പഞ്ചവത്സര പദ്ധതികൾ



		ഒന്നാം പദ്ധതി (ലക്ഷം രൂപാ)	രണ്ടാം പദ്ധതി (ലക്ഷം രൂപാ)
1.	കൃഷിയും സാമൂഹ്യസേവനവും	570	1582
2.	ജലസേചനവും വിദ്യുച്ഛക്തിയും	1763	3209
3.	വ്യവസായങ്ങൾ	112	684
4.	ട്രാൻസ്പോർട്ടും ഗതാഗതവും	258	557
5.	സാമൂഹ്യസേവനങ്ങൾ	300	2381
6.	പലവക	...	287
		3003	8700

കൃഷിയും ഭക്ഷ്യോൽപ്പാദനവും

ഇൻഡ്യയിലെ ഏററവും ചെറിയ സംസ്ഥാനമാണ് കേരളം. എന്നാൽ ഇത്രയധികം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സംസ്ഥാനം വേറെയില്ല. ഒടുവിലത്തെ കണക്കനുസരിച്ച് ശരാശരി ഒരു ചതുരശ്രമൈലിലെ ജനസംഖ്യ ആയിരം വരും. കടലോരപ്രദേശങ്ങളിൽ ജനസാന്ദ്രത 3000 ത്തിനു മുകളിലാണ്. ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ കൃഷിഭൂമിയുടെ പരിമിതി നമുക്കു ഉൽകണ്ഠയ്ക്കിടനൽകുന്നു. ആകെയുള്ള 94.12 ലക്ഷം ഏക്കർ ഭൂമിയിൽ വനവും കൃഷിചെയ്യാൻ വയ്യാത്ത തരിശു ഭൂമിയും നീക്കിയാൽ 53.87 ലക്ഷം ഏക്കർ ഭൂമി മാത്രമാണു കൃഷിക്കു ലഭിക്കുന്നതു്. അതിൽ 44.77 ലക്ഷം ഏക്കർ ഭൂമിയിൽ കൃഷിയിറക്കുന്നുണ്ട്. അതിനാൽ എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിച്ചാലും കൃഷിഭൂമിയുടെ വിസ്‌തൃതി വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യത വളരെ പരിമിതമാണ്.

1921-ൽ ശരാശരി ഒരാൾക്കു 53 സെൻറു കൃഷിഭൂമി ഉണ്ടായിരുന്നതു് 1957-ൽ 30 സെൻറായി കുറഞ്ഞിട്ടുണ്ട്. ഭൂമിയുടെ മേൽ ജനങ്ങളുടെ സമ്മർദ്ദം ഏറിയതിൻെറ ഫലം ഭൂമിയുടെ ശിഥിലീകരണമാണ്. അതായതു തുണ്ടു ഭൂമികളിലാണു ഏറിയകൂറും കൃഷി ചെയ്യുന്നതു്. കൈവശവസ്തുക്കളിൽ 55.6 ശതമാനവും ഒരേക്കറിനു താഴെയുള്ള തുണ്ടു ഭൂമികളാണ്, 88 ശതമാനം അഞ്ചേക്കറിനു താഴെയും. 1.4 ശതമാനം മാത്രമാണു 25 ഏക്കറിനു മുകളിലുള്ളതു്.

നമ്മുടെ വിളവുകൾ

ഫലഭൂയിഷ്ഠമായ മണ്ണും ധാരാളം മഴയുമുള്ള കേരളം കർഷകരാജ്യമാണ്. എങ്കിലും മേൽപ്പറഞ്ഞ കാരണങ്ങളാൽ

ജനങ്ങൾക്ക് കൃഷിയെ മാത്രം ആശ്രയിച്ചു കഴിയാൻ സാദ്ധ്യമല്ലെന്നു് സ്പഷ്ടമാണല്ലോ. 1955—56 ലെ മൊത്തം കാർഷികോൽപ്പാദനം 150 കോടി രൂപയ്ക്കായിരുന്നു എന്നാണു് കണക്ക്. അതായതു ആളൊന്നിനു 120 രൂപയാണു കൃഷിയിൽ നിന്നുള്ള വരുമാനം. മൊത്തം വിളഭൂമിയിൽ 56 ശതമാനം നെല്ലും കേരവുമാണു കൃഷി ചെയ്യുന്നതു്. കൃഷിയിൽ നിന്നുള്ള മൊത്തം വരുമാനത്തിൻെറ 50 ശതമാനം ഈ രണ്ടു കൃഷികളിലും നിന്നാണു്. കൃഷിഭൂമിയുടെ 6·8 ശതമാനം വരുന്ന തോട്ടം കൃഷിയിൽ നിന്നു 7·9 ശതമാനം വരവുണ്ടാകുന്നു.

ഭക്ഷ്യധാന്യങ്ങളെ സംബന്ധിച്ചിടത്തോളം ഇതു ഒരു കമ്മിസംസ്ഥാനമാണു്. ഇവിടത്തെ കൃഷിഭൂമിയിൽ 70 ശതമാനവും ഭക്ഷ്യവിളവിനാണുപയോഗിക്കുന്നതെങ്കിലും നാം ഭക്ഷ്യകാര്യത്തിൽ ഇറക്കുമതിയെ വളരെയേറെ ആശ്രയിക്കേണ്ടതായിട്ടാണിരിക്കുന്നതു്. കഴിഞ്ഞ അഞ്ചു കൊല്ലത്തെ ശരാശരി കണക്കെടുത്താൽ ഇവിടത്തെ അരി ഉൽപ്പാദനം 8·24 ലക്ഷം ടൺ മാത്രമാണു്. ജനസംഖ്യയിൽ പ്രായപൂർത്തിവന്നവരുടെ സംഖ്യ 125 ലക്ഷമാണു്. അപ്പോൾ പ്രായപൂർത്തിയായ ഒരാൾക്കു ഒരു ദിവസം 6·5 ഔൺസ് അരിയെ ഇവിടെ ലഭ്യമാകു. ഒരാൾക്കു പ്രതിദിനം 12 ഔൺസ് അരി എന്ന കണക്കിൽ നമുക്കു മൊത്തം 16·5 ലക്ഷം ടൺ അരി രണ്ടാം പഞ്ചവത്സരപദ്ധതി ഘട്ടത്തിൽ വേണ്ടിവരും. അതായതു് പദ്ധതിയുടെ അവസാനത്തിൽ നമ്മുടെ അരി ഉൽപ്പാദനം ഇരട്ടിക്കണം.

പ്രശ്നങ്ങൾ ഒററ നോട്ടത്തിൽ

അങ്ങനെ ഈ സംസ്ഥാനത്തെ കൃഷിയെ സംബന്ധിച്ച മുഖ്യ പ്രശ്നങ്ങൾ ഇവയാണു്.

1. കൃഷിഭൂമി വർദ്ധിപ്പിക്കാനുള്ള സൗകര്യത്തിൻെറ അഭാവം.

2. ഭൂമിയുടെ വീതംവയ്പും ശിഥിലീകരണവും.

3. ഭക്ഷ്യോൽപ്പാദനത്തിലെ അപര്യാപ്തത.

4. ഭക്ഷ്യവിളവും വാണിജ്യവിളവും തമ്മിലും ഇവയിൽ ഓരോന്നിലും ഉൾപ്പെടുന്ന വിഭാഗങ്ങൾ തമ്മിലും ഉള്ള സമീകരണം നിലനിറുത്തുക.

5. കൃഷിയിൽ നിന്നുള്ള ആദായത്തിൻെറ കുറവ്.

6. കാർഷികവരുമാനത്തിൻെറ അസ്ഥിരത.

വിളവുകൾ മെച്ചമാക്കുക, ഓരോ ഏക്കറിലേയും വിളവിൻെറ തോതു വർദ്ധിപ്പിക്കുക, കൃഷിച്ചെലവു കുറയ്ക്കുക എന്നിവയാണു ഭക്ഷ്യോൽപ്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിൽ അന്തർഭവിച്ചിരിക്കുന്ന തത്വങ്ങൾ.

ഒന്നാം പഞ്ചവത്സരപദ്ധതിയുടെ നേട്ടം

മേൽ പറഞ്ഞ അടിസ്ഥാനത്തിൽ സംസ്ഥാനത്തിൻെറ സമ്പദ്വ്യവസ്ഥയിലെ കാർഷിക മേഖല പരിപോഷിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടെയാണു ഒന്നാം പഞ്ചവത്സരപദ്ധതിയിൽ കൃഷി, സാമൂഹ്യവികസനം, ജലസേചനം എന്നിവയ്ക്കായി പദ്ധതിച്ചെലവിൻെറ ഒരു വലിയ ഭാഗം നീക്കിവച്ചതു്. മൊത്തം ചെലവു 3372·30 ലക്ഷം രൂപായായിരുന്നതിൽ കൃഷിക്കും സാമൂഹ്യവികസനത്തിനും വേണ്ടി 232·29 ലക്ഷം രൂപാ അതായതു മൊത്തം ചെലവിൻെറ ഏഴു ശതമാനം നീക്കിവച്ചിരുന്നു. ജലസേചനത്തിനു 32 ശതമാനവും. കൃഷിയുടെ മൂലധനച്ചെലവു കർഷകരാണല്ലോ വഹിക്കുക. അവരുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനാണു ഈ ഏഴു ശതമാനം നീക്കിവച്ചതു്. എന്നാൽ ജലസേചനപദ്ധതികൾ ഗവർമ്മെൻറു തന്നെ മൂലധനമിറക്കി നടത്തേണ്ടതാണു്. അതും കാർഷികോൽപ്പാദനത്തിനുവേണ്ടി തന്നെയാണല്ലോ. ഒന്നാം പഞ്ചവത്സരപദ്ധതി ഘട്ടത്തിൽ

ഓരോ പരിപാടിയും മുഖേന ഭക്ഷ്യോൽപ്പാദനത്തിലുണ്ടായിട്ടുള്ള നേട്ടംതാഴെപ്പറയുന്ന പട്ടികയിൽനിന്നും മനസ്സിലാക്കാം.

	പദ്ധതി	പദ്ധതിഘട്ടത്തിൽ ഉണ്ടായിട്ടുള്ള ഉല്പാദന വർദ്ധനവ് (ടൺ)
1.	ഗുണപുഷ്ടിയുള്ള വിത്തുവിതരണം	54,754
2.	പരിഷ്കൃതരീതിയിലുള്ള കാർഷികോപകരണങ്ങൾ മുഖേന	6,360
3.	ഭൂമി കൃഷിക്കായി വീണ്ടെടുപ്പ്	6,176
4.	രാസവളങ്ങളും മററു വളങ്ങളും മുഖേന	257,779
5.	മററു പദ്ധതികൾ	20,695
	മൊത്തം	345,764

രണ്ടാം പഞ്ചവത്സരപദ്ധതിയിലെ പരിപാടികൾ

ഭക്ഷ്യക്കമ്മി കഴിവുള്ളിടത്തോളം നികത്തുക, ജനസംഖ്യയിലുണ്ടാകുന്ന വർദ്ധനവിനൊപ്പിച്ചു ഉല്പാദനത്തിൻെറതോതു വർദ്ധിപ്പിച്ചുകൊണ്ടിരിക്കുക എന്നീ ലക്ഷ്യങ്ങളെ മുൻനിറുത്തിയാണ രണ്ടാം പഞ്ചവത്സരപദ്ധതിയിലെ പരിപാടികൾ ആവിഷ്കരിച്ചിട്ടുള്ളതു്. അതേ സമയം തന്നെ നാളികേരം, കുരുമുളകു, ഇഞ്ചി, തേയില, ഏലം, ഇഞ്ചിപ്പുല്ലു മുതലായി സംസ്ഥാനത്തിൻെറ സമ്പദ്വ്യവസ്ഥയിൽ സുപ്രധാനമായ സ്ഥാനം വഹിക്കുകയും നമുക്കു വിദേശനാണ്യം നേടിത്തരികയും ചെയ്യുന്ന വാണിജ്യവിഭവങ്ങളുടെ കാര്യത്തിലും പ്രത്യേക ശ്രദ്ധ പതിഞ്ഞിട്ടുണ്ടു്. 1955—56 ൽ സംസ്ഥാനത്തുനിന്നു മൊത്തം 53 കോടി രൂപയ്ക്കുള്ള സാധനങ്ങൾ കയററുമതി ചെയ്തതിൽ 90 ശതമാനവും കാർഷികോൽപ്പന്നങ്ങളായിരുന്നു. ഇപ്പോൾ ആദ്യമായിട്ടാണ വാണിജ്യവിഭവങ്ങളുടെ ഉൽപ്പാദനവും ഗവേഷണവും സംബന്ധിച്ചുള്ള പദ്ധതികൾ

നടപ്പിൽ വരുത്തുന്നതു്. സംസ്ഥാനത്തെ കാർഷികോല്പാദനം മുഖേനയുള്ള വരുമാനത്തിൽ 35 ശതമാനത്തിലധികം വാണിജ്യവിളവുകൾ (നാളികേരത്തിൽനിന്നുള്ള 27 ശതമാനത്തിനു പുറമെ) മുഖേനയാണു ലഭിക്കുന്നതു്. ആ വസ്തുതയെ പരിഗണിക്കുമ്പോൾ അവയുടെ ഉൽപ്പാദനവും ഗവേഷണവും സംബന്ധിച്ച പദ്ധതികൾ എത്രമാത്രം പ്രാധാന്യം വഹിക്കുന്നു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. കൃഷിശാസ്ത്രപരമായ ഗവേഷണത്തിനും പഠനത്തിനുമായി 65·59 ലക്ഷം രൂപാ പദ്ധതിയിൽ നീക്കിവച്ചിട്ടുണ്ടു്. അതുപോലെതന്നെ കാർഷികോൽപ്പാദനത്തിനുള്ള തുകയുടെ 12 ശതമാനം കൃഷിക്കുണ്ടാകുന്ന രോഗബാധ തടഞ്ഞു വിളവു സംരക്ഷിക്കുന്നതിനായി നീക്കിവച്ചിരിക്കുകയാണു്.

രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ചെലവായ മൊത്തം 87 കോടി രൂപയിൽ കൃഷിക്കും സാമൂഹ്യവികസനത്തിനുമായി നീക്കിവച്ചിട്ടുള്ളതു താഴെ പറയും പ്രകാരമാണു്.

	ലക്ഷം രൂപാ
കാർഷികോൽപ്പാദനം	249·59
ചെറുകിട ജലസേചനപദ്ധതികൾ	236·68
മൃഗചികിത്സയും സംരക്ഷണവും	112·16
വനങ്ങൾ	128·24
മണ്ണൊലിപ്പു നിവാരണം	25·50
ഫിഷറീസ്	93·37
സഹകരണം	120·99
കാർഷികസ്ഥിതിവിവരക്കണക്കെടുപ്പു	8·99
കാളനൈസേഷൻ	58·76
സാമൂഹ്യവികസനം	547·84
മൊത്തം	1582·12

കാർഷികോൽപ്പാദനം

കാർഷികോൽപ്പാദനം സംബന്ധിച്ച പരിപാടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ഡിപ്പാർട്ടുമെൻറ് പുനസ്സംഘടന

എക്സ്റ്ററൻഷൻ പ്രവർത്തനത്തിനു ഇപ്പോൾ പ്രാധാന്യം നൽകിയിരിക്കുകയാണ്. അതായതു തങ്ങളുടെ കൃഷിയിൽ ആധുനികങ്ങളായ ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾ പ്രയോജനപ്പെടുത്തുന്നതിനു കർഷകരെ വിജ്ഞരാക്കുക. എക്സ്റ്ററൻഷൻ പ്രവർത്തനം, കാർഷികപ്രശ്നങ്ങളിൽ ഗവേഷണം നടത്തുന്നതിനുള്ള സൗകര്യം, കാർഷികവിദ്യാഭ്യാസ സൗകര്യങ്ങൾ, സാങ്കേതിക വൈദഗ്ദ്ധ്യം സിദ്ധിച്ച ഉദ്യോഗസ്ഥന്മാർ വേണ്ടത്ര ഉണ്ടായിരിക്കുക, കാർഷിക വിപണനം, എന്നീ ആവശ്യങ്ങളെ അടിസ്ഥാനപ്പെടുത്തി കൃഷിവകുപ്പു പുനസ്സംഘടിപ്പിക്കുക എന്ന പരിപാടി നടപ്പിൽവരുത്തിയിട്ടുണ്ട്. അതിലേയ്ക്കായി 18·01 ലക്ഷം രൂപാ പദ്ധതിയിൽ കൊള്ളിച്ചിട്ടുണ്ട്.

വിത്തു ഉൽപ്പാദനവും വിതരണവും

വിവിധ സ്ഥലങ്ങളിലെ മണ്ണുകൾക്കു അനുയോജ്യമായ വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനു ഗവേഷണം നടത്തുന്ന



കാര്യത്തിൽ മുമ്പു കാര്യമായ പ്രവർത്തനങ്ങൾ നടന്നിട്ടില്ല. കൊച്ചി 1, എം. ഓ. 1, എം. ഓ. 2 എന്നിങ്ങനെ ഏതാനും ഇനങ്ങൾ (നെല്ലു) ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ അതിൻെറ പരിശുദ്ധി നിലനിറുത്തുന്നതിൽ ശ്രദ്ധിയ്ക്കായ്കമൂലം അതു മററു വിത്തുകളുമായി കലന്നു ഗുണപുഷ്ടി നശിക്കാൻ ഇടവന്നു. ഡിപ്പാർട്ടുമെൻറിൻെറ നിയന്ത്രണത്തിൽ

ഉൽപ്പാദനം നടത്തുന്നതിനുള്ള സൗകര്യത്തിന്റെ അപര്യാപ്തതയാണ് ഒരു പ്രധാന വൈഷമ്യം. ആ ന്യൂനത പരിഹരിക്കുന്നതിനു ഓരോ ഡിസ്ട്രിക്ടിലും 15 മുതൽ 20വരെ ഏക്കർ വിസ്തൃതി വരുന്ന വിത്തുൽപ്പാദന ഫാറങ്ങൾ സ്ഥാപിക്കുന്നതിനുള്ള പരിപാടി പ്രവർത്തനത്തിൽ വരുത്തിക്കൊണ്ടിരിക്കുകയാണ്. ഇതിലേക്കു പദ്ധതിയിൽ മൊത്തം 14 ലക്ഷം രൂപാ കൊള്ളിച്ചിട്ടുണ്ട്. കൂടാതെ പരിഷ്കൃത രീതിയിലുള്ള നെൽവിത്തു ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പരിപാടിയ്ക്കു 8·25 ലക്ഷം രൂപാ നീക്കിവച്ചിട്ടുണ്ട്. കായംകുളം വിത്തുൽപ്പാദനകേന്ദ്രത്തിൽ ഉൽപ്പാദിപ്പിച്ച ഒരു മേൽത്തരം വിത്താണ് യു. ആർ. 19. അതു കൊല്ലം ഡിസ്ട്രിക്ടിലെ ഓണാട്ടുകര പ്രദേശത്തിനു വളരെ പററിയതാണ്. ചില അംഗീകൃത കർഷകരെക്കൊണ്ടു ഈ വിത്തു വർദ്ധിപ്പിച്ചു അവ ഓരോ കൊല്ലവും ശേഖരിച്ചു വിതരണം ചെയ്തു മൂന്നു കൊല്ലക്കാലം കൊണ്ടു ഓണാട്ടുകര പ്രദേശത്തു മുഴവനും വ്യാപിപ്പിക്കുന്നതിനാണുദ്ദേശിക്കുന്നതു്. ഇതുപോലെതന്നെ മലബാർ പ്രദേശത്തു പട്ടാമ്പി ഇനം വിത്തു വിതരണം ചെയ്യുന്നതിനുള്ള പരിപാടിയും അംഗീകരിച്ചിട്ടുണ്ട്.

വളം ഉൽപ്പാദനവും വിതരണവും

ഭക്ഷ്യസംവർദ്ധനപരിപാടിയിലെ ഒരു പ്രധാന ഐററമാണു രാസവളങ്ങളും മററു വളങ്ങളും വിതരണം ചെയ്യുക. കൃഷി ഡിപ്പാർട്ടുമെൻറിന്റെ കീഴിലുള്ള ഡിപ്പോകൾ മുഖേന പ്രതിവർഷം 6000 മുതൽ 7,000 ടൺ വരെ എല്ലുപൊടി കർഷകർക്കു വിതരണം ചെയ്യുന്നുണ്ട്. • ഹൈപ്പർഫോസ്ഫേററും ഡിപ്പോകൾ മുഖേന വിതരണം ചെയ്യുന്നതാണ്. ഫോസ്ഫാററിക്കു രാസവളങ്ങളുടെ കൂട്ടത്തിൽ എല്ലുപൊടിയും 25 ശതമാനം വില കുറച്ചാണു വിതരണം ചെയ്യുന്നതു്. അമോണിയം സൾഫേററിന്റെയും സൂപ്പർഫോസ്ഫേററി

ൻെറയും വിതരണം ഫാക്ട് കമ്പനി മുഖേനയാണ്. ഒന്നാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തോടുകൂടി അമോണിയം സൽഫേററ് പ്രതിവർഷം 6000 ടണ്ണും സൂപ്പർഫാസ്ഫേററ് 1500 ടണ്ണും കൃഷിക്കായി ഉപയോഗിച്ചിരുന്നു.



രണ്ടാം പദ്ധതിയുടെ അവസാനത്തിൽ ഇവ യഥാക്രമം 35000 ടണ്ണും 6000 ടണ്ണും ആകണമെന്നാണ് ലക്ഷ്യം. രാസവളം വിതരണത്തിനു സബ്സിഡിയ്ക്കായും മററും രണ്ടാം പഞ്ചവത്സരപദ്ധതിയിൽ 24 ലക്ഷം രൂപാ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശീമക്കൊന്നത്തൈകളും പലയിനം പച്ചില വളങ്ങളുടെ വിത്തുകളും കൃഷിഡിപ്പാർട്ടുമെൻറു മുഖേന കർഷകർക്കു വിതരണം ചെയ്യുന്നതിനായി ഒരു ലക്ഷം രൂപാ കൊള്ളിച്ചിട്ടുണ്ട്. ഒരേക്കർ ഭൂമിക്കു നൂറും ഒരു തെങ്ങിനു ഒന്നും വീതം ശീമക്കൊന്ന നടണമെന്നാണു പരിപാടി.

രാസവളങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനു കമ്പോസ്ററുവളം നിർമ്മിക്കുന്ന പരിപാടി വികസിപ്പിക്കാനായി 5·03 ലക്ഷം രൂപായുടെ പദ്ധതിയാണംഗീകരിച്ചിട്ടുള്ളതു്. ഇതിലേയ്ക്കു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു ധനസഹായം നൽകുന്നതാണ്. ആദ്യമായി എൻ. ഇ. എസ്സ്. ബ്ളാക്കുകളിൽ ഈ പ്രവർത്തനം തുടങ്ങുകയും ഇതിലേയ്ക്കു നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാർക്കും ഓരോ ബ്ളാക്കിലും 50 കർഷകർക്കും കൂട്ടുവളം ശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കുന്നതു സംബന്ധിച്ച് പരിശീലനം നൽകുകയുമാണ് പരിപാടി.

വിളവുസംരക്ഷണം

ഓരോ വർഷവും പത്തുമുതൽ ഇരുപതു ശതമാനംവരെ വിളവു പ്രാണിശല്യം മൂലം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിനാൽ പുഴുപ്പികളും രോഗവും മൂലമുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് 17 ലക്ഷം രൂപാ ചെലവുള്ള ഒരു പദ്ധതിയാണു തയാറാക്കിയിട്ടുള്ളതു്.



കർഷകർക്കു ഈ ബാധകളെ നേരിടുന്നതിനു നൽകത്തക്കവണ്ണം വിവിധ കേന്ദ്രങ്ങളിൽ സ്പ്രേയർ, ഡസ്ററർ, മുതലായ ഉപകരണങ്ങളും, കീടങ്ങളെ നശിപ്പിക്കുന്നതിനുള്ള പൊടികളും മററും സംഭരിച്ചു വയ്ക്കുകയാണു മുഖ്യമായ പരിപാടി. കവുങ്ങുകൾക്കുണ്ടാകുന്ന രോഗത്തെ നിരോധിക്കുന്നതിനു ബോർഡോമിശ്രം തളിക്കുന്നതിനുള്ള പരിപാടിയനുസരിച്ചു രണ്ടരലക്ഷം വൃക്ഷങ്ങൾക്കു മരുന്നു തളിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടു്. ഈ പരിപാടി പുരോഗമിച്ചുകൊണ്ടിരിക്കുകയാണു്.

കാർഷികോപകരണങ്ങൾ

ലിഫ്ററ് ഇറിഗേഷൻ ജോലികൾക്കു പററിയ പമ്പുസെററുകൾ ഹയർപർച്ചെസ് സമ്പ്രദായത്തിൽ വിതരണം ചെയ്യുന്നതിനു ചട്ടങ്ങൾ തയാറാക്കിയിട്ടുണ്ടു്. അതുപോലെ തന്നെ ഭൂമി കൃഷിക്കു വീണ്ടെടുക്കുന്നതിനായി ട്രാക്ടറുകളും കർഷകർക്കു വിതരണം ചെയ്യുന്നുണ്ടു്. ഇതിനു 2.10 ലക്ഷം രൂപാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.

കുട്ടനാട്ടെ കായൽ നിലങ്ങളുടെ ഉദ്ധാരണം

കുട്ടനാട്ടു പുഞ്ചകൃഷിനടത്തുന്ന കായൽ നിലങ്ങളിൽ, ബണ്ടുകെട്ടി വെള്ളം വാറിക്കുന്നതിനുള്ള ചെലവിനെയും വിഷമതയെയുംപരിഗണിച്ചു് മുമ്പുരണ്ടുകൊല്ലത്തിലൊരിക്കൽ,

മാത്രമാണു കൃഷിയിറക്കിവന്നതു്. എല്ലാ വർഷവും കൃഷിചെയ്യുന്നതിനു കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി പമ്പിംഗ് ചെലവിൻെറ 25 ശതമാനം സബ്സിഡി നൽകാൻ ഗവണ്മെൻറ് തീരുമാനിച്ചു. അതിൻെറ ഫലമായി ഒരു ലക്ഷത്തിൽപരം ഏക്കർ കായൽ നിലങ്ങളിൽ ഇപ്പോൾ വർഷം തോറും കൃഷിയിറക്കുന്നു. തൻമൂലം ഭക്ഷ്യോല്പാദനം വർദ്ധിച്ചതിനുപുറമെ ഒട്ടേറെ ആളുകൾക്കു തൊഴിലും ലഭിക്കുന്നു. ഇതിൻെറ ചെലവു കേന്ദ്രഗവർമ്മെൻറും സംസ്ഥാനഗവർമ്മെൻറും കൂടെ വഹിക്കുകയാണു്.

ഈ പരിപാടിക്കു പദ്ധതിയിൽ കൊള്ളിച്ചിട്ടുള്ള തുക 10 ലക്ഷം രൂപയാണു്.

കുട്ടനാട്ടെ കായൽ നിലങ്ങളിൽ ചിറകെട്ടി കൃഷിചെയ്യുന്നതിനു ആണ്ടോടാണ്ടു വേണ്ടിവരുന്ന ചെലവിനെ പരിഗണിച്ചു കല്ലുകൊണ്ടുള്ള സ്ഥിരമായ ബണ്ടുകൾ നിർമ്മിക്കുന്നതിനു കർഷകർക്കു വായ്പനൽകുന്ന ഒരു പദ്ധതിയും അംഗീകരിച്ചിട്ടുണ്ടു്. ഇതിൻെറ ഫലമായി ഉല്പാദനത്തിൽ 10 ശതമാനം വർദ്ധനവുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു. പദ്ധതിയിൽ ഇതിലേക്കുവേണ്ടി അഞ്ചുലക്ഷം രൂപാ നീക്കിവച്ചിട്ടുണ്ടു്.

കുട്ടനാട്ടു പ്രദേശത്തെ കരിനിലങ്ങൾ എന്നറിയപ്പെടുന്ന ഏകദേശം 50000ഏക്കർ സ്ഥലങ്ങളിലെ മണ്ണിൻെറ ദൂഷ്യം പരിഹരിക്കുന്നതിനു ഏക്കറൊന്നിനു പ്രതിവർഷം ഒരു ടൺ കുമ്മായം വീതം ചേർത്താൽ നെല്ലുല്പാദനം 100 മുതൽ 200 ശതമാനം വരെ വർദ്ധിപ്പിക്കാമെന്നു തെളിഞ്ഞതനുസരിച്ചു ഇതിനുകം നടപ്പിൽവരുത്തിയ പദ്ധതി ഫലപ്രദമായിട്ടുണ്ടു്. പ്രതിവർഷം 5000 ടൺ കരിനിലങ്ങൾ ഉദ്ധരിക്കുന്നതിനു 5000 ടൺ കക്കാവീതം വിതരണം ചെയ്യുന്നതാണു്. ടണ്ണിനു അഞ്ചുരൂപാ സബ്സിഡി നൽകും. അതിനുള്ള ചെലവിൽ പകുതി കേന്ദ്രഗവർമ്മെൻറു വഹിക്കും. പദ്ധതിയിൽ 75000 രൂപാ കൊള്ളിച്ചിട്ടുണ്ടു്.

ജപ്പാൻകൃഷി സമ്പ്രദായം

സംസ്ഥാനത്തെ നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഏററവും ഫലപ്രദമായ മാർഗ്ഗം ജപ്പാൻ കൃഷിസമ്പ്രദായം പ്രചരിപ്പിക്കുകയാണ്. രണ്ടാം പദ്ധതിയുടെ അവസാനഘട്ടത്തോടുകൂടി 13 ലക്ഷം ഏക്കർ സ്ഥലം ജപ്പാൻസമ്പ്രദായത്തിൽ കൃഷിചെയ്യണമെന്നാണുലക്ഷ്യം. ഓരോ കൊല്ലവും 500 മാതൃകാ പാടങ്ങളിലെ കൃഷിമുഖേന ഈ സമ്പ്രദായം പ്രചരിപ്പിക്കാൻ ഉദ്ദേശിക്കുന്നു. സ്വകാര്യവ്യക്തി



കളുടെ നിലങ്ങൾ ഇതിലേക്കു തിരഞ്ഞെടുക്കുകയാണ്. കൃഷിക്കു വേണ്ട വളവും ഇടയിളക്കാൻ ജപ്പാൻ മാതൃകയിലുള്ള ഉപകരണവും കീടബാധയെ നശിപ്പിക്കാനുള്ള മരുന്നും ഉപകരണങ്ങളും കൃഷിഡിപ്പാർട്ടുമെൻറിൽനിന്നു് സൗജന്യമായിനൽകും. മററുചെലവുകൾ ഉടമസ്ഥൻതന്നെ വഹിക്കണം. ഈ പരിപാടിയുടെ ചെലവിലേക്കു 1·27 ലക്ഷം രൂപാ നീക്കിവച്ചിട്ടുണ്ടു്.

കേരകൃഷി

കേരോല്പാദനത്തിൽ മുന്നിട്ടുനില്ക്കുന്ന ഇൻഡ്യൻ സംസ്ഥാനമാണ് കേരളം. 10·7 ലക്ഷം ഏക്കർ ഭൂമിയിൽ കേരകൃഷി നടക്കുന്നു. കൃഷി ഭൂമിയുടെ വിസ്തൃതിവർദ്ധിച്ചു എങ്കിലും ഈ അടുത്തകാലത്തു ഉൽപ്പാദനം കുറയുകയാണുണ്ടായിട്ടുള്ളതു്. മണ്ണിൻെറ ഫലപുഷ്ടി കുറവു, കൃഷിയിൽ ശ്രദ്ധയില്ലായ്മ, രോഗബാധ ഇവയാണു അതിനു ഹേതു. ഏകദേശം രണ്ടുകോടി രൂപ വിലവരുന്ന 13 കോടി നാളീകേരം പ്രതിവർഷം രോഗബാധമൂലം നഷ്ടപ്പെടുന്നതായിട്ടാണു കണക്കാക്കുന്നതു്. രോഗപ്പകർച്ച നിരോധിക്കുന്നതിനായി ഒരു മരുന്നുതളി പദ്ധതി അംഗീകരിച്ചിട്ടുണ്ടു്. ശാസ്ത്രീയമായകൃഷി സമ്പ്രദായങ്ങൾ പ്രചരിപ്പിക്കുന്നതിനു 224 മാതൃകാ

തോട്ടങ്ങൾ ആരംഭിക്കുന്നതിനും രണ്ടാം പഞ്ചവത്സരപദ്ധതി യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൈവളർത്തു കേന്ദ്രങ്ങളിൽ നിന്നും ഏഴു ലക്ഷം മേൽത്തരം തൈകൾ പദ്ധതിക്കാലത്തിൽ വിതരണം ചെയ്യാനാണ് പരിപാടി. തെങ്ങുകൃഷിയെ സംബ



ന്ധിച്ച കാൎയ്യങ്ങൾക്കായി കൃഷിഡിപ്പാർട്ടുമെൻറിൽ ഒരു പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. കേരകൃഷിക്കായി പദ്ധതിയിലെ ചെലവു 9.43 ലക്ഷം രൂപയാണ്.

തെങ്ങോല രോഗം കഴിഞ്ഞ കുറെ കൊല്ലങ്ങളായി ക്രമേണ വ്യാപിച്ചതിൻെറ ഫലമായി ഇപ്പോൾ 27 താലൂക്കുകളിലായി ഏകദേശം 80 ലക്ഷം തെങ്ങുകളിലെ ഉല്പാദനം ഏതാണ്ട് പകുതിയായി കുറഞ്ഞിട്ടുണ്ട്. ഈ 80 ലക്ഷം വൃക്ഷങ്ങൾക്ക് ആണ്ടിൽ രണ്ടുതവണ വീതം മരുന്നുതളിക്കുന്നതിനു 12.87 ലക്ഷം രൂപാ ചെലവു വരുന്ന ഒരു പദ്ധതിയാണു അംഗീകരിച്ചിട്ടുള്ളതു്. ഒരു തെങ്ങിനു ഒരണാ നിരക്കിൽ കൃഷിക്കാരിൽ നിന്നും ഈടാക്കുന്നതാണ്. 1350 സ്പ്രേയറുകൾകൊണ്ടു ഈ പ്രവൎത്തനം നടത്തിവരുന്നു.

കവുങ്ങുകൃഷി

ഇൻഡ്യയിലെ അടയ്ക്കാ ഉല്പാദനത്തിൽ മുന്നിട്ടുനിൽക്കുന്നതു് കേരളമാണ്. അടയ്ക്കാ ഉല്പാദനം ഇൻഡ്യയുടെ ആവശ്യത്തിനു പൎയ്യാപ്തമല്ലാത്തതിനാൽ പരിഷ്കൃത കൃഷിസമ്പ്രദായങ്ങൾ അവലംബിച്ചും രോഗനിവാരണനടപടികൾ അവലംബിച്ചും കേരളത്തിലെ അടയ്ക്കാ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു തീരുമാനിച്ചിരിക്കുകയാണ്. കേന്ദ്ര അടയ്ക്കാ കമ്മിററി അവരുടെ ചെലവിൽ രണ്ടു അടയ്ക്കാ ഗവേഷണകേന്ദ്രങ്ങൾ കേരളത്തിൽ സ്ഥാപിക്കാമെന്നു ഏററിട്ടുണ്ട്. ഒരു ഗവേഷണകേന്ദ്രം മലബാർ പ്രദേശത്തും മറെറാന്നു മദ്ധ്യതിരുവിതാംകൂ

റിലും സ്ഥാപിക്കുവാനാണുദ്ദേശിക്കുന്നതു്. അതിനുള്ള സ്ഥലം എടുക്കാൻ നടപടികൾ നടത്തിവരികയാണു്. അടയ്ക്കാ കൃഷി, രോഗനിവാരണം എന്നിവ സംബന്ധിച്ച എല്ലാ വിഷയങ്ങളിലും ഈ കേന്ദ്രങ്ങളിൽ ഗവേഷണം നടത്തുന്നതാണു്. കൂടാതെ അടയ്ക്കാഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കിണറുകളും, കുളങ്ങളും കുഴിപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിച്ചും പമ്പിംഗ് ഉപകരണങ്ങൾ സ്ഥാപിച്ചും ജലസേചന സൗകര്യങ്ങൾ ഉണ്ടാക്കുക, കവുങ്ങ്കൃഷിക്കാർക്കു ലഘു വ്യവസ്ഥകളിന്മേൽ വായ്പ നൽകുക, നല്ല ഇനം തൈകൾ വളർത്തുന്നതിനു നഴ്സറികൾസ്ഥാപിക്കുക എന്നീ നടപടികൾ ഉടനെ കൈക്കൊള്ളുന്നതിനും പഞ്ചവത്സരപദ്ധതിയിൽ വ്യവസ്ഥയുണ്ടു്. അഞ്ചു നഴ്സറികൾ സ്ഥാപിച്ചുകഴിഞ്ഞു. അടയ്ക്കാകൃഷി വികസന കാര്യങ്ങൾക്കായി ഒരു പ്രത്യേക ഉദ്യോഗസ്ഥനെയും സ്റ്റാഫിനെയും നിയമിക്കുകയും ചെയ്തു.



ഈ പദ്ധതികളുടെ ചെലവു 10·8ലക്ഷം രൂപയാണു്.

ഫലവൃക്ഷ കൃഷി

കൃഷിഡിപ്പാർട്ടുമെൻറിൻെറ കീഴിലുള്ള ഏതാനും തോട്ടങ്ങളിൽ തൈയ് വളർത്തുപരിപാടി പരിമിതമായ തോതിൽ നടക്കുന്നുണ്ടു്. തളിപ്പറമ്പ, പട്ടാമ്പി, നീലേശ്വരം, അമ്പലവയൽ, ഒല്ലൂർക്കര എന്നിവിടങ്ങളിലെ കൃഷിത്തോട്ടങ്ങളിൽ നിന്നു് ഫല വൃക്ഷങ്ങളുടെ തൈകൾ വിതരണം ചെയ്യുന്നു. കൂടാതെ പുറത്തിച്ചക്കയുടെ തൈകളും മലക്കറി വർഗ്ഗങ്ങളുടെ വിത്തുകളും വിതരണം ചെയ്യാറുണ്ടു്. എന്നാൽ സംസ്ഥാനത്തെ ആവശ്യത്തിൻെറ തോതുവച്ചു നോക്കിയാൽ ഈ പ്രവർത്തനങ്ങൾ വളരെ പരിമിതമാണു്. അതിനാൽ പൊതുജന

കേരളത്തിലെ

(1955—56

വിളവ്	വിസ്തൃതി (1000 ഏക്കർ)	ഒരേക്കറിലെ ശര ശരി വിളവ് (പവണ്ട്)
എല്ലാം വിളവും	5466	...
നെല്ല്	1954	1559
പയറ്	111	343
മരച്ചീനി	558	6298
കരിമ്പ്	18	40698
കുരുമുളക	214	280
ഇഞ്ചി	26	1120
മഞ്ഞൾ	11	2850
എള്ള്	50	290
ഇഞ്ചിപ്പുല്ല്	35	60
നേന്ത്രപ്പഴം	116	6005
നാളികേരം	1107	2800†
അടയ്ക്കാ	144	45000†
കശുഅണ്ടി	93	1349
നിലക്കടല	33	950
പരുത്തി	22	560
റബ്ബർ	160	294
തേയില	99	679
കാപ്പി	41	164
ഏലം	69	32
മററു വിളവുകൾ	605	...

† എണ്ണം

കാർഷികോല്പന്നങ്ങൾ

ലെ കണക്കുകൾ)

ം	മൊത്തം ഉൽപ്പാദനം (1000 ടൺ)	ഉൽപ്പാദനത്തിലെ വരുമാനം മൊത്തം (കോടി രൂ.)	ശതമാനം
	...	180·0	100
	1358	41·4	23·0
	17	0·4	0·2
	1569	7·8.	4·3
	327	1·3	0·7
	27	7·1	3·9
	13	2·8	1·6
	14	1·1	0·6
	7	0·6	0·3
	1	1·7	0·9
	311	8·5	4·7
	310x	49·4	27·4
	648x	9·9	5·5
	56	3·8	2·1
	14	0·8	0·4
	6	0·5	0·3
	21	6.8	3 8
	30	14·2	7·9
	3	1·6	0·9
	1	3·0	1·7
	...	17·3	9·6

X. എണ്ണം കോടിക്കണക്കിനു്

ങ്ങൾക്ക വിതരണം ചെയ്യുന്നതിനായി ഫല വൃക്ഷങ്ങളുടെയും മലക്കറികളുടെയും തൈകളും വിത്തും വിതരണം ചെയ്യുന്നതിനു ഓരോ ഡിസ്ട്രിക്ടിലും 25 മുതൽ 30 വരെ ഏക്കർ സ്ഥലത്തു മാതൃകാത്തോട്ടങ്ങൾ സ്ഥാപിക്കുകയാണ് പഞ്ചവത്സരപദ്ധതിയിലെ പരിപാടി. കൂടാതെ തോട്ടമുണ്ടാക്കുന്നതിൽ പരിശീലനം നൽകുന്നതിനും ഇവ ഉപയോഗപ്പെടുത്തുന്നതാണ്.



പദ്ധതിയുടെ ചെലവ് 19·09 ല. രൂ.

കശുഅണ്ടി കൃഷി

സംസ്ഥാനത്തെ വളരെയധികംപേൎക്കു തൊഴിൽ നൽകുന്ന കശുഅണ്ടി വ്യവസായത്തിനുവേണ്ട തോട്ടണ്ടി ഉൽപാദിപ്പിക്കത്തക്കവണ്ണം കൃഷിയെ പോഷിപ്പിക്കുകയാണ പദ്ധതിയുടെ ലക്ഷ്യം നല്ലഇനം വിത്തുവിതരണം ചെയ്യുക, പരിഷ്കൃത കൃഷി രീതിയെപ്പററി പ്രചരണം നടത്തുക, രോഗനിവാരണ നടപടികൾ അവലംബിക്കുക എന്നീ പരിപാടികൾ



നടപ്പിൽ വരുത്തുന്നതിനും പദ്ധതിഘട്ടത്തിൽ 5000 ഏക്കർ സ്ഥലത്തു കൂടുതലായി കൃഷി വികസിപ്പിക്കുന്നതിനും പരിപാടികൾ രൂപീകരിക്കപ്പെട്ടു. ഈ പരിപാടികൾക്ക 2·87 ലക്ഷം രൂപാ കൊള്ളിച്ചിട്ടുണ്ട്.

ഇതിനുപുറമെ ഉദ്ദേശം 8000 ഏക്കർ സ്ഥലത്തു കശു അണ്ടി കൃഷി വികസിപ്പിക്കുന്നതിനും 12·12 ലക്ഷം രൂപാ ചെലവുവരുന്ന ഒരു പരിപാടിയും രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വനം വകുപ്പിനെ സംബന്ധിച്ച മററൊരു ലഘുലേഖയിൽ അതിനെപ്പററി പ്രതിപാദിക്കുന്നതാണ്.

കരിമ്പു കൃഷി

ഇപ്പോൾ കേരളത്തിൽ 18000 ഏക്കർ സ്ഥലത്തു കരിമ്പുകൃഷി നടത്തുന്നുണ്ട്. ഈ കൃഷി പഴയ സമ്പ്രദായത്തിൽ തന്നെയാണു നടന്നുവരുന്നതു്. അതിനാൽ ഇവിടത്തേയ്ക്കു പററിയ കോയമ്പത്തൂർ കരിമ്പു ഏർപ്പെടുത്തിയും മററു സ്ഥലങ്ങളിൽ നിലവിലുള്ള പരിഷ്കൃത കൃഷിരീതികൾ അവലംബിക്കുന്നതിനു പ്രോത്സാഹിപ്പിച്ചും, ശരിയായ വളങ്ങൾ ലഭ്യമാക്കിയും ജലസേചന സൗകര്യമുണ്ടാക്കിയും മററും കരിമ്പു ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സ്ഥലത്തു കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ അംഗീകരിച്ചിട്ടുണ്ട്.



പമ്പാ ഫാക്ടറി മേഖലയിലെ കരിമ്പു കൃഷിയെ സംബന്ധിച്ച ഇൻഡ്യൻ കരിമ്പു കമ്മിററിയും സംസ്ഥാന ഗവർമ്മെൻറും പമ്പാ പഞ്ചസാര ഫാക്ടറിയും 50 : 25 : 25 എന്ന അനുപാതക്രമത്തിൽ ചെലവുവഹിച്ചു ഏർപ്പെടുത്തിയ പദ്ധതിയുടെ ഫലമായി ഫാക്ടറിയുടെ സമീപം രണ്ടായിരം ഏക്കറിനും മൂവായിരം ഏക്കറിനും ഇടയ്ക്കുള്ള സ്ഥലത്തെ കരിമ്പുകൃഷി പരിഷ്കൃതരീതിയിൽ കൊണ്ടു വരാൻ കഴിഞ്ഞിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ രണ്ടാം പഞ്ചവത്സരപദ്ധതിയിലും തുടരുകയാണ്. ചിററൂർ താലൂക്കിലും, പെരിയാർ, മൂവാററുപുഴ മുതലായ നദികളുടെ തീരപ്രദേശങ്ങളിലും കരിമ്പുകൃഷി വികസിപ്പിക്കാൻ സാദ്ധ്യതയുണ്ട്. കരിമ്പുകൃഷിക്കു ചെറുകിട ജലസേചന പ്രവർത്തനങ്ങൾ നടത്തിയാൽ $33\frac{1}{3}$ ശതമാനം സബ്സിഡി നൽകും. നല്ല തൈകളുടെ വിതരണവും സബ്സിഡി അടിസ്ഥാനത്തിൽ

പ്രോത്സാഹിക്കുന്നു. കൂടാതെ പരിഷ്കൃത കൃഷി രീതികൾ പ്രചരിപ്പിക്കാൻ മാതൃകാ പാടങ്ങളും ഉണ്ടാക്കുന്നുണ്ട്.


പദ്ധതിയുടെ ലക്ഷ്യം 18000 ഏക്കർ സ്ഥലത്തുകൂടി കൃഷി വ്യാപിപ്പിക്കുകയാണ്. ചെലവു 8·36 ലക്ഷം രൂപാ.

എണ്ണക്കുരുക്കളുടെ കൃഷി

എള്ളുകൃഷി സ്ഥലം വികസിപ്പിക്കുന്നതിനും നിലക്കടല കൃഷി നടപ്പിലാക്കുന്നതിനും സാദ്ധ്യതകളുണ്ട്. മദ്രാസ്സിൽ നിന്നും കൂടുതൽ വിളയുന്നതരം വിത്തുകൾ കൊണ്ടുവന്നു ഇവിടെ പരീക്ഷണം നടത്തിയിട്ടു വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. ഈ സംസ്ഥാനത്തേക്കു പററിയ എള്ളുവിത്തു കണ്ടുപിടിക്കുന്നതിനു ഒരു ഗവേഷണകേന്ദ്രം സ്ഥാപിക്കാൻ കേന്ദ്ര എണ്ണക്കുരു കമ്മിററി അനുവദിച്ചു. ഗവേഷണ കേന്ദ്രം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഈ പദ്ധതിയുടെ ചെലവു 60000 രൂപയാണ്.

ഇഞ്ചിപ്പുല്ലു കൃഷി

പുൽത്തൈലം അതിലടങ്ങിയിട്ടുള്ള സുഗന്ധദ്രവ്യങ്ങൾ മൂലം നമ്മുടെ ഒരു പ്രധാനകയററുമതി സാധനമാണ്. ഇഞ്ചിപ്പുല്ലിന്റെ കൃഷിയും വാററു സമ്പ്രദായവും പരിഷ്കരിക്കുന്ന




തിനു കഴിഞ്ഞകാലത്തു വളരെയൊന്നും ചെയ്തിട്ടില്ല. ഇതിനുവേണ്ടി ഒരു ഗവേഷണകേന്ദ്രം രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു 25 ഏക്കർ തോട്ടവും ഒരു ചെറിയ വാററുഷെഡ്ഡും ലാബ്രട്ടറിയും ഒടക്കാലിയിൽ സ്ഥാപിച്ചിട്ടുണ്ട്. ഈ ഗവേഷണകേന്ദ്രം വികസിപ്പിക്കുന്നതിനും കൃഷി വിപുലമാക്കുന്നതിനുമാണു

ഉദ്ദേശിക്കുന്നതു്. നല്ലയിനം തൈകൾ ഉൽപ്പാദിപ്പിക്കുന്നതും വാററു സമ്പ്രദായം പരിഷ്കരിക്കുന്നതുമാണു്. കൂടാതെ ഒരു ഉൽപ്പാദക സഹകരണസംഘം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. കേന്ദ്ര കാർഷികഗവേഷണ സമിതിയും സംസ്ഥാന ഗവർമ്മെൻറുംകൂടി ഈ പദ്ധതിയുടെ ചെലവു വഹിക്കുന്നതാണു്. പദ്ധതിക്കു മൊത്തം 1·6 ലക്ഷം രൂപാ ചെലവുള്ളതിൽ 72000രൂപാ സംസ്ഥാന ഗവർമ്മെൻറു വഹിക്കണം.

കുരുമുളകു കൃഷി

ഇൻഡ്യൻ കുരുമുളകു ഇപ്പോൾ തെക്കുകിഴക്കെ ഏഷ്യയിലെ മററു രാജ്യങ്ങളുടെ മത്സരത്തെ നേരിടേണ്ടതായി വന്നിരിക്കുകയാണു്. അതിനാൽ ലോകവിപണിയിലെ സ്ഥാനം ഭദ്രമാക്കുക ആവശ്യമായിരിക്കുന്നു.



ഗവർമ്മെൻറു അംഗീകരിച്ചിട്ടുള്ള കുരുമുളകു വികസനപദ്ധതി ഉല്പാദന വദ്ധനവിനെയും ഉൽപ്പന്നത്തിൻെറ ഗുണം വർദ്ധിപ്പിക്കുന്നതിനെയും ലക്ഷ്യമാക്കിയുള്ളതാണു്. നിലവിലുള്ള തോട്ടങ്ങളിൽകടുംകൃഷി നടപ്പിൽ വരുത്തുക, പഴയതരം വള്ളികൾക്കുപകരം നല്ലതരം പുതിയവള്ളികൾ നടുക, കൂടുതൽ സ്ഥലത്തേയ്ക്കു കൃഷി വ്യാപിപ്പിക്കുക എന്നിവയാണു പരിപാടികൾ.

ഈ പദ്ധതിക്കു 5·46 ലക്ഷം രൂപാ നീക്കി വച്ചിട്ടുണ്ടു്.

കൂടാതെ കുരുമുളകു വിളവിൻെറ ഗുണം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയും, വളം, കൃഷിരീതി, എന്നിവയെപ്പററി പഠിക്കുന്നതിനുവേണ്ടിയും ഗവേഷണം നടത്തുന്നതിനുള്ള ഒരു പദ്ധതിയും അംഗീകരിച്ചിട്ടുണ്ടു്. തൊടുപുഴ അഞ്ചേരിക്കൽ റിസർവിൽ ഒരു റിസർച്ചു് സ്റ്റേഷൻ ആരംഭിച്ചു കഴിഞ്ഞു. കേരളത്തിലും മററു രാജ്യങ്ങളിലും വളരുന്ന വള്ളികൾ

ശേഖരിച്ചു പരീക്ഷണം നടത്തുന്നതാണ്. ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു തളിപ്പറമ്പയ്ക്കു സമീപം പന്നിയൂരിലും ഒരു കേന്ദ്രം സ്ഥാപിക്കുകയുണ്ടായി.

ഗവേഷണ പദ്ധതികൾ നീക്കിവച്ചിട്ടുള്ളതു 1.53 ലക്ഷം രൂപയാണ്.

മററു മലഞ്ചരക്കുകൾ—ഇഞ്ചി, ഏലം, ഗ്രാമ്പു

ഇഞ്ചികൃഷി അഭിവൃദ്ധിപ്പെടുത്തുന്നതു സംബന്ധിച്ചു ഒരു ഗവേഷണകേന്ദ്രം തൊടുപുഴയിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിൻെറ ചെലവായ 54000 രൂപയിൽ 30000 സംസ്ഥാന ഗവർമ്മെൻറും ബാക്കി ഇൻഡ്യൻ കാർഷികഗവേഷണ സമിതിയും വഹിക്കുന്നതാണ്.



ഇൻഡ്യയിലെ ഏലം ഉൽപ്പാദനത്തിൽ മുഖ്യസ്ഥാനം കേരളത്തിനാണ്. ഡാളർ സമ്പാദിക്കുന്ന ഒരു ഉൽപ്പന്നമാണ് ഏലം എങ്കിലും അതിൻെറ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനു കഴിഞ്ഞ കാലത്തു കാര്യമായ ഒരു ശ്രമവും നടന്നിട്ടില്ല. 100 ഏക്കർ വിസ്തൃതിയുള്ള ഒരു തോട്ടം സ്ഥാപിക്കുന്നതിനും അവിടെ ഏല കൃഷിയുടെ നാനാവശങ്ങളെയും രോഗനിരോധനത്തെയും പററി ഗവേഷണം നടത്തുന്നതിനും ഉദ്ദേശിക്കുന്ന പദ്ധതിയുടെ മൊത്തം ചെലവായ 1.73 ലക്ഷം രൂപാ സംസ്ഥാന ഗവർമ്മെൻറും കാർഷിക ഗവേഷണ സമിതിയും കൂടി വഹിക്കുന്നതാണ്.

പീരുമേട്, ദേവികുളം, വയനാട് എന്നീ താലൂക്കുകളിൽ ഏലക്കൃഷി വിപുലമാക്കാനുള്ള സാദ്ധ്യതകൾ ധാരാളമുണ്ട്. ഏലക്കൃഷി വികസനപദ്ധതിക്കു 30000 രൂപയാണ് അനുവദിച്ചിട്ടുള്ളതു്.

ജാതിക്കാ, കറുവപ്പട്ട, ഗ്രാമ്പു, കർപ്പൂരം, കൊക്കൊ, മുതലായ സുഗന്ധദ്രവ്യങ്ങളും സുഗന്ധതൈലങ്ങളും ഉൽപാദിപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്രഗവർമ്മെൻറിൻെറ ചെലവിൽ 1·5 ലക്ഷം രൂപാ ചെലവു വരുന്ന ഒരു പദ്ധതി തയാറാക്കിയിട്ടുള്ളതനുസരിച്ച് ഏതാനും കേന്ദ്രങ്ങളിൽ തൈവളർത്തു കേന്ദ്രങ്ങൾ സ്ഥാപിച്ചു നല്ലയിനം തൈകൾ പൊതുജനങ്ങൾക്കു വിതരണം ചെയ്യുന്നതാണ്.

ഗവേഷണപദ്ധതികൾ

വാഴയുടെ കുമ്പടപ്പു രോഗം, ഏലച്ചെടിയുടെ കാററുവീഴ്ച എന്നിവ സംബന്ധിച്ചും മരച്ചീനി, മധുരക്കിഴങ്ങു എന്നിവയുടെ കൃഷി സംബന്ധിച്ചും ഗവേഷണം നടത്തുന്നതിനുള്ള പദ്ധതികൾ ഒന്നാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽ ഇൻഡ്യൻ കാർഷിക ഗവേഷണസമിതി അനുവദിച്ചിരുന്നു. ഈയിടെ ഗുണപുഷ്ടിയുള്ള അരി ഉൽപാദിപ്പിക്കുന്നതു സംബന്ധിച്ചും പുവത്തിച്ചക്ക, നേന്ത്രവാഴ, ഓറഞ്ചു എന്നിവയുടെ കൃഷിയെ സംബന്ധിച്ചും ഗവേഷണം നടത്തുന്നതിനുള്ള പദ്ധതികൾക്കും അനുമതി നൽകിയിട്ടുണ്ട്. കൂടുതൽ പദ്ധതികൾക്കു ഇനിയും കാർഷിക ഗവേഷണസമിതിയിൽ നിന്നും അനുമതിലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഇവയുടെ ചെലവു സമിതിയും സംസ്ഥാനഗവർമ്മെൻറും കൂടി വഹിക്കുകയാണ്. പദ്ധതിയിൽ 2·25 ലക്ഷം രൂപാ ഇതിലേക്കുനീക്കിവച്ചിട്ടുണ്ട്.

നെല്ല് ഒഴികെയുള്ള വിളവു സംബന്ധിച്ച നിശിതമായ ഗവേഷണത്തിനു കേന്ദ്ര സഹായത്തോടുകൂടി 100 ഏക്കർ വീതം വിസ്തൃതിയുള്ള രണ്ടു തോട്ടങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. 1957–58 മുതൽ നാലു കൊല്ലങ്ങളിലേക്കു ഏഴു ലക്ഷം രൂപാ ഇതിനു നീക്കിവച്ചിട്ടുണ്ട്.

പുതിയ ഗവേഷണ പദ്ധതികൾക്കായി എട്ടുലക്ഷം രൂപാ മൊത്തം തുക രണ്ടാം പഞ്ചവത്സരപദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. താഴെപ്പറയുന്നവയാണു ഈ പദ്ധതികൾ.

(i) കായിപ്പാട്, കുട്ടനാട്, ഓണാട്ടുകര എന്നീ സ്ഥലങ്ങളിൽ റിസർച്ച് സ്റ്റേഷനുകൾ സ്ഥാപിച്ച് ഓരോ സ്ഥലത്തേയ്ക്കും പററിയ ഗുണപുഷ്ടിയുള്ള വിത്തുകൾ ഉൽപ്പാദിപ്പിക്കുക.

(ii) ഏത്തവാഴയുടെ മണ്ട അടപ്പുരോഗം നിരോധിക്കുന്നതു സംബന്ധിച്ച ഗവേഷണം നടത്തുക. അതിലേക്കു ഒരു മേഖലാ ഗവേഷണ കേന്ദ്രം ഈ സംസ്ഥാനത്തു സ്ഥാപിക്കാമെന്നു ഇൻഡ്യൻ കാർഷിക ഗവേഷണ സമിതി സമ്മതിച്ചിട്ടുണ്ട്.

(iii) പുകയിലക്കൃഷി സംബന്ധിച്ച ഗവേഷണം. പുകയിലക്കു വ്യവസായം കേരളത്തിൽ പുഷ്ടിപ്പെട്ടിട്ടുണ്ട്. ഇതിനെ സംബന്ധിച്ച ഗവേഷണത്തിനായി കേരളത്തിൽ ഒരു മേഖലാ ഗവേഷണകേന്ദ്രം ആരംഭിക്കാമെന്നും കാർഷിക ഗവേഷണ സമിതി സമ്മതിച്ചിട്ടുണ്ട്.

(iv) ഓറഞ്ചുകൃഷി സംബന്ധിച്ച ഗവേഷണം. നെല്ലിയമ്പതിയിലും വയനാട്ടും ഓറഞ്ചുകൃഷി വികസിപ്പിക്കുന്നതിനു സാദ്ധ്യതയുണ്ട്. ഗവർമ്മെൻറിൻെറ മേൽനോട്ടത്തിൽ ഇപ്പോൾ തന്നെ 400 ഏക്കർ തോട്ടമുണ്ട്. രോഗനിരോധനവും കൃഷി സമ്പ്രദായവും സംബന്ധിച്ചായിരിക്കും ഗവേഷണം.

(v) സംസ്ഥാനത്തു വാനില്ലാകൃഷി പ്രചരിപ്പിക്കുന്നതിനവേണ്ട ഗവേഷണം നടത്തുക. ഇതിൻെറ ചെലവു മുഴുവനും കാർഷിക ഗവേഷണസമിതി വഹിക്കുമെന്നു പ്രതീക്ഷിക്കുന്നു.

മണ്ണുപരിശോധന

മണ്ണുപരിശോധിക്കുന്നതിനുള്ള ലാബ്രട്ടറി കായംകുളത്തു ജില്ലാണു സ്ഥാപിച്ചിരിക്കുന്നതു്. കർഷകരുടെ നിലങ്ങളിൽ നിന്നും ശേഖരിച്ച മണ്ണിൻെറ സാമ്പിളുകൾ പരിശോധിച്ച്

അതാതു മണ്ണിനെപററിയ വളത്തെപ്പററി കൃഷിക്കാക്ക് ഉപദേശം നൽകുകയാണു ഈ പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ചെലവ് ആദ്യത്തെ മൂന്നുവർഷക്കാലം കേന്ദ്രഗവർമെന്റ് വഹിക്കുന്നതാണു്. പദ്ധതിച്ചെലവിലേക്ക 39000 രൂപാ ഇതിലേക്ക വകയിരുത്തിയിട്ടുണ്ട്.

കാർഷിക വിദ്യാഭ്യാസവും പരിശീലനവും

കൃഷിവികസനപദ്ധതികഠം നടപ്പിൽ വരുത്തുന്നതിനാവശ്യമായ വിദഗ്ദ്ധന്മാരെ പരിശീലിപ്പിക്കുന്നതിനുവേണ്ടി ഒരു കാർഷിക കാളേജ് വെള്ളായണിയിൽ സ്ഥാപിച്ചു. ഇപ്പോഠം ആണ്ടിൽ 80 വിദ്യാൎത്ഥികഠംക്ക അവിടെ പ്രവേശനം നൽകുന്നുണ്ട്. കൂടാതെ വിവിധ കാർഷിക പ്രശ്നങ്ങളെപ്പററി ഗവേഷണം നടത്തുന്നതിനായി ഒരു റിസർച്ച് ഇൻസ്റ്ററിററ്യൂട്ടും കാളേജിനോടനുബന്ധിച്ചു സ്ഥാപിച്ചിട്ടുണ്ട്.

രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഈ പദ്ധതിക്ക വകയിരുത്തിയിട്ടുള്ളതു് 31.75 ലക്ഷം രൂപയാണു്.

രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ആരംഭത്തിൽ എക്സ്ററൻഷൻ ട്രെയിനിംഗിനായി (ഗ്രാമസേവകരുടെ പരിശീലനം) ഒല്ലൂക്കര, തളിപ്പറമ്പ, കൊട്ടാരക്കര എന്നിവിടങ്ങളിലാണു പരിശീലനകേന്ദ്രങ്ങഠം ഉണ്ടായിരുന്നതു്. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ കൂടുതൽ കേന്ദ്രങ്ങഠം സ്ഥാപിക്കുന്നതിനും പരിശീലന കോഴ്സുകഠംക്കമായി 10.49 ലക്ഷം രൂപാ ചെലവുള്ള പദ്ധതി ഉഠംപ്പെടുത്തിയിട്ടുണ്ട്. അതിൽ പെട്ടതാണു് പട്ടാമ്പിയിൽ സ്ഥാപിച്ച എക്സ്ററൻഷൻ ട്രെയിനിംഗ് സെൻററും തിരുവനന്തപുരത്തു പേരൂക്കട സ്ഥാപിച്ച അടിസ്ഥാന കാർഷിക വിദ്യാലയവും.

വിപണനം

കാർഷികോൽപന്നങ്ങളുടെ വിപണനം സംബന്ധിച്ച പ്രശ്നങ്ങഠം കൈകാര്യം ചെയ്യുന്നതിനായി ഒരു മാക്കററിംഗ് വിഭാഗം കൃഷിവകുപ്പിൽ രൂപീകരിച്ചിട്ടുണ്ട്. ഈ വിഭാഗം

ഒരു അഖിലേൻഡ്യാ പരിപാടിയുടെ അടിസ്ഥാനത്തിലാണു പ്രവത്തനം നടത്തുന്നതു്. മുമ്പുണ്ടായിരുന്ന മാക്കററിംഗ് യൂണിററു വിപുലമാക്കുന്നതിനായി 3·23 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിച്ചിട്ടുണ്ടു്.

കമ്പോള നിലവാരം കർഷകരെ അറിയിച്ചു കൊണ്ടിരിക്കുക എന്നതു മാക്കററിംഗ് സർവീസിലെ സുപ്രധാനമായ ഒരു കാര്യമാണു്. ഉല്പന്നങ്ങൾക്കു ഏററവും നല്ല വില സമ്പാദിക്കാൻ ഇതു ഉപകരിക്കുന്നു. കേരളത്തിലേക്കു കാര്യക്ഷമമായ ഒരു മാക്കററിംഗ് ന്യൂസ് സർവീസ് 1958-59 മുതല്ക്കു ആരംഭിക്കുന്നതിനുദ്ദേശിക്കുന്നു. ഇതിനായി 12000 രൂപാ പദ്ധതിയിൽ വക കൊള്ളിച്ചിട്ടുണ്ടു്.

പ്രചരണം

പ്രചരണം, പ്രസിദ്ധീകരണം എന്നീ കാര്യങ്ങൾക്കായി ഒരു ഇൻഫർമേഷൻ വകുപ്പു രൂപീകരിച്ചിട്ടുണ്ടു്. ലഘുലേഖകളും, മാസികയും പ്രസിദ്ധപ്പെടുത്തുന്നതിനു പുറമെ പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതും ഈ വിഭാഗത്തിൻെറ ചുമതലയാണു്.

ഇതിനു പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളതു 4·43 ലക്ഷം രൂപയാണു്.

കാർഷികസ്ഥിതിവിവരക്കണക്കു്

കശുഅണ്ടി, ഏലം, ഗ്രാമ്പു്, പുളി മുതലായ ചെറുതരവും എന്നാൽ സുപ്രധാനവുമായ വാണിജ്യവിഭവങ്ങളെയും തവിടു്, തൊണ്ടു്, വയ്ക്കോൽ മുതലായ ഉപോൽപ്പന്നങ്ങളെയും സംബന്ധിച്ച സ്ഥിതിവിവരങ്ങൾ ശേഖരിക്കുന്നതിനു 1·35 ലക്ഷം രൂപയും, കൃഷിയ്ക്കുപയോഗപ്പെടുത്താൻ സാദ്ധ്യതയുള്ള തരിശുഭൂമിയെ സംബന്ധിച്ചു അന്വേഷണം നടത്തി കണക്കുകൾ ശേഖരിക്കാൻ 2·19 ലക്ഷം രൂപയും, ഇപ്പറഞ്ഞ രണ്ടു പദ്ധതികളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിക്കാൻ

മായി വിശകലനം ചെയ്ത പഠനം നടത്താൻ 1·25 ലക്ഷം രൂപയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫീൽഡ്സ്റ്റാഫിൻെറ പ്രവർത്തനങ്ങളുടെ മേൽ നോട്ടം വഹിക്കുന്നതിനും വിവിധമാർഗ്ഗങ്ങളിൽക്കൂടി ശേഖരിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ചു വിശദമായ പഠനം നടത്തുന്നതിനും ഡിസ്ട്രിക്ട് ആഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഇതിന്നായി പദ്ധതിയിൽ കൊള്ളിച്ചിട്ടുള്ള തുക 3·3 ലക്ഷം രൂപയാണ്.

ഭൂമിയുടെ വിനിയോഗത്തെ സംബന്ധിച്ച തിരുവിതാംകൂർ—കൊച്ചി പ്രദേശത്തു സ്ഥിതിവിവരവകുപ്പു കണക്കുകൾ തയാറാക്കിയിട്ടുണ്ട്. എന്നാൽ മലബാർ പ്രദേശത്തെ സംബന്ധിച്ചിടത്തോളം വില്ലേജ് ആഫീസർമാർ അശാസ്ത്രീയമായി ശേഖരിക്കുന്ന കണക്കുകളെയാണ് ആശ്രയിക്കുന്നതു്. പുതുതായി മലബാർ പ്രദേശത്തെ സ്ഥിതിവിവരങ്ങൾ ശേഖരിക്കുന്നതിനു **90,000** രൂപാ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജലസേചനം

കാർഷികോൽപ്പാദനപദ്ധതികളുടെ വിജയത്തിനു അത്യന്താപേക്ഷിതമായിട്ടുള്ളതാണല്ലോ ജലസേചന പദ്ധതികൾ. പഞ്ചവത്സരപദ്ധതിയുടെ ചെലവിൽ ഒരു വലിയ പങ്കു വൻകിട ജലസേചനപദ്ധതികൾക്കാണ്. ഒന്നാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽ 200,500 ഏക്കർ നിലങ്ങൾക്കു പ്രയോജനം കിട്ടത്തക്കവണ്ണം 1467·55 ലക്ഷം രൂപാ ചെലവുള്ള എട്ടു വൻകിട ജലസേചനപദ്ധതികളുടെ പ്രവർത്തനം പുരോഗതി പ്രാപിച്ചിരുന്നു. തന്മൂലം ഉൽപ്പാദനത്തിൽ പ്രതിവർഷമുണ്ടായ വർദ്ധനവു 69,858 ടൺ അരിയാണെന്നു കണക്കാക്കുന്നു. (അവയെ സംബന്ധിച്ച ഒരു പ്രത്യേക ലഘുലേഖയിൽ വിവരിക്കുന്നതാണ്.) മററു ചെറുതരം ജലസേചനപദ്ധതികളെ സംബന്ധിച്ച വിവരങ്ങളാണു ചുവടെ ചേർക്കുന്നതു്.

ഇടത്തരം ജലസേചനപദ്ധതികൾ

തിരുവിതാംകൂർ-കൊച്ചി പ്രദേശത്തു 34 ഇടത്തരം പദ്ധതികൾക്കു പഞ്ചവത്സരപദ്ധതിയിൽ പണം അനുവദിച്ചിട്ടുണ്ടു്. തിരുവനന്തപുരം ഡിസ്ട്രിക്ടിൽ എട്ടും, കൊല്ലത്തു ആറും, ആലപ്പുഴ അഞ്ചും, കോട്ടയത്തു നാലും, പഴയ തൃശൂർ ഡിസ്ട്രിക്ട് പ്രദേശത്തു പതിനൊന്നും. മലബാർ പ്രദേശത്തെ ഇടത്തരവും ചെറുകിടയും പദ്ധതികൾ ഒരുമിച്ചു സ്പെഷ്യൽ മൈനർ ഇറിഗേഷൻ എന്നു ഗണിച്ചിരിക്കുകയാണു്. ഇടത്തരം ഇറിഗേഷൻ ജോലികൾക്കു മൊത്തം 86·08 ലക്ഷം രൂപാ ബഡ്ജററിൽ കൊള്ളിച്ചിരിക്കുകയാണു്. ഇതിൻെറ പ്രയോജനം 74,773 ഏക്കർ നിലങ്ങൾക്കു സിദ്ധിക്കും. ഒരേക്കറിനു മൂലധനച്ചെലവു 115 രൂപാ എന്നാണു കണക്കാക്കിയിട്ടുള്ളതു്.

മലബാർ പ്രദേശത്തെ സ്പെഷ്യൽ മൈനർ ഇറിഗേഷൻ പദ്ധതിക്കായി 47·6 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ടു്. ഇവ 15000 ഏക്കർ നിലങ്ങൾക്കു പ്രയോജനപ്പെടുന്നതാണു്.

ചെറുകിട ജലസേചനപദ്ധതികൾ

അഞ്ചേക്കറിനു മുകളിലും 200 ഏക്കറിനു താഴെയും മാത്രം വിസ്തൃതിയുള്ള സ്ഥലങ്ങൾക്കു പ്രയോജനപ്പെടുന്ന ജോലികളെയാണു ചെറുകിട (മൈനർ) ജലസേചനപദ്ധതികളായി ഗണിക്കുന്നതു്. ഒരേക്കറിനു 250 രൂപ നിരക്കാണു ചെലവു നിശ്ചയിച്ചിട്ടുള്ളതു്. ഒന്നാം പഞ്ചവത്സരപദ്ധതി കാലത്തു 119·14 ലക്ഷം രൂപാ ചെലവാക്കി 1,66,690 ഏക്കർ നിലങ്ങൾക്കു പ്രയോജനപ്പെടത്തക്കവണ്ണം 1713 പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ടു്.

രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ഘട്ടത്തിൽ 72 ലക്ഷം രൂപാ ചെലവു ചെയ്തു 42,000 ഏക്കർ നിലങ്ങൾക്കു പ്രയോജനപ്പെടത്തക്കവണ്ണം 810 പദ്ധതികൾ നടപ്പിലാക്കാൻ

ഉദ്ദേശിക്കുന്നു. തിരുവിതാംകൂർ–കൊച്ചി പ്രദേശത്തു തദ്ദേശ സ്വയംഭരണവകുപ്പും മലബാർ പ്രദേശത്തു പൊതുമരാമത്തു വകുപ്പും ആണു ചെറുകിട ജലസേചനപദ്ധതികളുടെ ചുമതലവഹിക്കുന്നതു്. കിണറുകൾ, കുളങ്ങൾ, തോടുകൾ മുതലായവയാണു ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നതു്. ഭൂമിക്കടിയിലുള്ള വെള്ളം കുഴൽക്കിണർ മുഖേന ജലസേചനത്തിനു ഉപയോഗപ്പെടുത്തുന്നതിന്റെ സാദ്ധ്യതയെ സംബന്ധിച്ചു അന്വേഷണം നടത്താൻ 2·5 ലക്ഷം രൂപയുടെ ഒരു പദ്ധതിയും രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുന്നു.



ലിഫ്റ്റ് ഇറിഗേഷൻ

വിദ്യുച്ഛക്തി ഉപയോഗിച്ചു വെള്ളം പമ്പുചെയ്തുകയറ്റി കൃഷിക്കുപയോഗിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കായി 28·5 ലക്ഷം രൂപ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ വകയിരുത്തിയിട്ടുണ്ടു്. 32 സ്ഥലങ്ങളിലേയ്ക്കു ഇതുവരെ പദ്ധതി തയാറാക്കിയിട്ടുണ്ടു്. അതിൽ 20 എണ്ണം ഒന്നാം പഞ്ചവത്സരപദ്ധതിയിൽ പൂർത്തിയാകാതെ ശേഷിച്ചവയാണു്. ഇവയെല്ലാംകൂടി 9,644 ഏക്കർ ഭൂമിക്കു പ്രയോജനപ്പെടും. ശരാശരി ഒരേക്കറിനു 147 രൂപാ മൂലധനച്ചെലവു വരും. ഇവ കൂടാതെ പമ്പാ, മൂവാറ്റുപുഴ, ചാലക്കുടി, പെരിയാർ എന്നീ നദീതടങ്ങളിലേക്കു പദ്ധതികൾ തയാറാക്കുന്നതിനായി 14·58 രൂപയും വകയിരുത്തിയിട്ടുണ്ടു്.

സാമൂഹ്യപരിഷ്കാരങ്ങൾ

കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുതകുന്ന ബഹുമുഖമായ പരിപാടികളെപ്പറ്റിയാണു് മുകളിൽ പ്രതിപാദിച്ചിട്ടുള്ളതു്. എന്നാൽ കർഷകന്റെ ചുറ്റുപാടുകളെ

കണക്കിലെടുക്കാത്തുള്ള പരിപാടികൾക്കു പ്രതീക്ഷിക്കുന്ന വിജയം വരിക്കാൻ സാദ്ധ്യമല്ലെന്നു ഗവർമ്മെൻറിനു ബോദ്ധ്യമുണ്ടു്. അതിനാൽ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു ഭൂമിയിൽ അദ്ധ്വാനിക്കുന്നവർക്കു പ്രചോദനം നൽകാൻ ആവശ്യമായ സാമൂഹ്യപരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളും സമാന്തരമായി പുരോഗമിക്കുന്നുണ്ടു്. കർഷകർക്കു ആശ്വാസം നൽകുന്ന വിവിധനിയമനിർമ്മാണ നടപടികൾ, കാർഷികതൊഴിലാളികളുടെ ഏററവും കുറഞ്ഞ കൂലി നിശ്ചയിക്കൽ, സാമൂഹ്യവികസന പരിപാടികൾ എന്നിവ അക്കൂട്ടത്തിൽ പ്രാധാന്യം വഹിക്കുന്നു. ഇതിൻെറയെല്ലാം ഫലമായി രണ്ടാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തോടുകൂടി സ്വയം പര്യാപ്തതാലക്ഷ്യത്തിലേക്കു ബഹുദൂരം സഞ്ചരിക്കുവാൻ സാധിക്കുമെന്നു നമുക്കു പ്രത്യാശിക്കാം. അതിനുവേണ്ടി എല്ലാവർക്കും ഒത്തൊരുമിച്ചു പ്രവർത്തിക്കാം.

PRINTED AT
THE KERALA PRESS,
TRIVANDRUM.

കൊയ്ത്ത്





ഞാറ് പറിച്ചെടുത്ത്
കററകളാക്കി പാട
ത്തേയ്ക്ക് കൊണ്ടു
പോകുന്നു.